## ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ലെന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടിയിന്മേലുള്ള അപ്പീൽ തീർപ്പ്

**ഒന്നാം അപ്പീൽ അധികാരിയുടെ നടപടിക്രമം**

(ഹാജർ: ഒന്നാം അപ്പീൽ അധികാരിയുടെ പേര്)

---

നമ്പർ: തീയതി:

---

സൂചന: 1. ശ്രീ. എന്ന വ്യക്തിയുടെ..........തീയതിയിലെ വിവരാവകാശ അപേക്ഷ
2. SPIO യുടെ ...........തീയതിയിലെ മറുപടി
3..............തീയതി ഈ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ
4. പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ..........തീയതിയിലെ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീ...............................എന്ന വ്യക്തി മേൽ ഒന്നാം സൂചനപ്രകാരം ..................യിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. കുറെയേറെ ചോദ്യങ്ങളാണ് അപേക്ഷയിൽ ഉണ്ടായിരുന്നത്. ചോദ്യങ്ങൾ ചോദിക്കുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നറിയിച്ചു കൊണ്ട് മേൽ രണ്ടാം സൂചനപ്രകാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷ തീർപ്പാക്കി.

ടി മറുപടിയിൽ തൃപ്തനാകാതെ അപേക്ഷകൻ മേൽ മൂന്നാം സൂചനപ്രകാരം ഈ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് ഈ അപ്പീൽ അധികാരി നിർദേശം നൽകുകയും അതനുസരിച്ച് മേൽ നാലാം സൂചന പ്രകാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ വിശദീകരണം സമർപ്പിക്കുകയുമുണ്ടായി..

അപ്പീലും അപേക്ഷയും സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണവും വിശദമായി പരിശോധിയ്ക്കുകയും കൂടാതെ അപേക്ഷകനെ നേരിട്ട് കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ അധികാരി താഴെ പറയുന്ന തീരുമാനത്തിൽ എത്തിയിരിക്കുന്നു.

അപേക്ഷകൻ ആവശ്യപ്പെട്ടത് 17 ചോദ്യങ്ങളാണ്. ചോദ്യങ്ങൾ ചോദിക്കരുതെന്ന് നിയമത്തിൽ വ്യവസ്ഥയില്ല. നിഗമനങ്ങൾ അഭിപ്രായങ്ങൾ ഉപദേശങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളാണ് വിവരം എന്നതിന്റെ നിർവചനത്തിൽ വരാത്തത്. എന്നാൽ നേരിട്ട് ഉത്തരം നൽകാൻ കഴിയുന്ന ചോദ്യങ്ങളാണെങ്കിൽ അതിനു ഉത്തരം നൽകാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ബാധ്യതയുണ്ട്. അത് നിഷേധിക്കാൻ വ്യവസ്ഥയില്ല. വിവരം തയ്യാറാക്കി നൽകാൻ ബുദ്ധിമുട്ടാണെങ്കിൽ രേഖകൾ നേരിട്ട് വന്നു പരിശോധിക്കാൻ അനുവാദം നൽകുകയായിരുന്നു സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ചെയ്യേണ്ടിയിരുന്നത്.

മേൽ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ രേഖകൾ ഒരു പ്രവർത്തി ദിവസം മുഴുവനും സൌജന്യമായി പരിശോധിച്ചു ബോധ്യപ്പെടാനുള്ള അനുമതി ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ചു ഏഴു ദിവസത്തിനുള്ളിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകേണ്ടതാണ് എന്ന നിർദേശത്തോടെ അപ്പീൽ തീർപ്പാക്കുന്നു.

മേൽ തീർപ്പിൽ അതൃപ്തിയുള്ള പക്ഷം തീരുമാനത്തിനെതിരെ അപേക്ഷകന് 90 ദിവസത്തിനകം രണ്ടാം അപ്പീൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

പേര് /ഒപ്പ് /PEN
ഒന്നാം അപ്പീൽ അധികാരി

പകർപ്പ് : 1. അപ്പീൽകാരന്
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നടപടികൾക്കായി
3. സ്റ്റോക്ക് ഫയലിലേക്ക്



Lalith Babu www.rtiexpert.com